ബന്ധപ്പെട്ട പഞ്ചായത്തുതല സമിതിയുമായി ചർച്ചചെയ്ത് പരിഹരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയുമുണ്ടായി. ഈ റിപ്പോർട്ടിൽ മലയോര ജനതയുടെ കൃഷിയെയും സ്വത്തിനെയും ജീവിതത്തെയും ബാധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും കൈക്കൊള്ളരുതെന്ന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു

സംസ്ഥാന സർക്കാർ സമർപ്പിച്ച കഡസ്ട്രൽ മാപ്പുകൾ പ്രകാരമുള്ള 123 വില്ലേജുകളെ പരിസ്ഥിതിലോല പ്രദേശങ്ങളായി 10-3-2014-ലെ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ കരട് വിജ്ഞാപനത്തിൽ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗാഡ്ഗിൽ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്ന പരിസ്ഥിതിലോല പ്രദേശം 13,108 ചതുരശ്ര കിലോമീറ്ററായിരുന്നത് 9,993.7 ചതുരശ്ര കിലോമീറ്ററായി കുറയ്ക്കാനായത് (ഇതിൽ 886.7 ചതുരശ്ര കിലോമീറ്റർ മാത്രമാണ് വനേതര പ്രദേശം) മേൽ വിവരിച്ച പ്രകാരം സംസ്ഥാന സർക്കാർ ശ്രമിച്ചതിയോടെ പ്രവർത്തിച്ചതിന്റെ ഫലമായാണ്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 25-9-2014-ലെ വിധിയിൽ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചിട്ടുണ്ട്. കേരള സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് പരിസ്ഥിതിലോല പ്രദേശങ്ങളെ സംബന്ധിച്ച വിജ്ഞാപനം എത്രയുംവേഗം പുറപ്പെടുവിക്കണമെന്ന് 9-10-2014-ലെ 1995/എ 2/2012/പരി. പ്രകാരം മുഖ്യമന്ത്രി, കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ചു

(ബി) ഇതുമായി ബന്ധപ്പെട്ട് പശ്ചിമഘട്ട മേഖലയിലെ കർഷക ജനതയെ സാരമായി ബാധിക്കുന്ന ഒരു നടപടിയും കൈക്കൊള്ളില്ലെന്ന് കേരള സർക്കാർ ഉറപ്പാക്കുന്നതാണ്. ഉപജീവനത്തെയോ കൃഷിവൃത്തിയെയോ ബാധിക്കുന്നതൊന്നും പശ്ചിമഘട്ട സംരക്ഷണ നടപടികളിൽ ഉൾക്കൊള്ളുന്നില്ല.

മത്സ്യബന്ധന നിയന്ത്രണം

25 (*25) ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻപിടുത്തം നിയന്ത്രിക്കുന്നതിന് തീരക്കടലിൽ നിശ്ചിത മേഖലയെ ബഫർ സോണായി പ്രഖ്യാപിക്കണമെന്ന് ഡോ. ബി. മീനാകുമാരി കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ശിപാർശ മത്സ്യത്തൊഴിലാളികളെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ ഒരു ബോട്ടിനും മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ വരുമെന്നുള്ളത് വസ്തുതയാണോ ; ആണെങ്കിൽ കടലിലെ മത്സ്യബന്ധന നിയന്ത്രണ നിർദ്ദേശം നടപ്പാക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുമോ ;

(സി) സമുദ്രമേഖലയിൽ കൂടുതൽ വിദേശ നിക്ഷേപങ്ങൾ കൊണ്ടുവരണമെന്ന വിദഗ്ധ സമിതി ശിപാർശയോടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ഉണ്ട്. കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ബഫർ സോണായി നിലനിർത്തുന്നതിന് കമ്മറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒരു പ്രദേശം ബഫർ സോണായി നിലനിർത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകാൻ സാധ്യതയുണ്ട്. നിലവിൽ എൽ.ഒ.പി.വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം കൂടുതലായി നടത്തുന്നത് കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത കുറഞ്ഞുവരികയാണ്. പ്രസ്തുത പ്രദേശത്ത് കേരളത്തിലെ മത്സ്യത്തൊഴിലാളികളും മത്സ്യബന്ധനം നടത്തിവരുന്നുണ്ട്. ആയതിനാൽ ഈ ശിപാർശ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കും.

(ബി) ഡോക്ടർ മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും ബോട്ടുകാരെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ശിപാർശകൾ നടപ്പിലാക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വിദേശ മത്സ്യബന്ധന യാനങ്ങൾ aquire ചെയ്യുന്നതിനുള്ള ശിപാർശയും കൂട്ടുപങ്കാളിത്ത വ്യവസ്ഥയിൽ സാങ്കേതികവിദ്യ കൈമാറ്റം ചെയ്യാനുള്ള ശിപാർശയും ഉൾപ്പെടെ വിദേശ നിക്ഷേപങ്ങൾ കൊണ്ടുവരണമെന്നുള്ള ശിപാർശയും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും മറ്റ് സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യത ഉള്ളതിനാലും അംഗീകരിക്കാൻ കഴിയുന്നതല്ല.

കാവുകളുടെ സംരക്ഷണം

26 (*26) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly